നിന്നു പരിചയം കിട്ടുവാൻവേണ്ടിയുള്ള സൌകര്യം കൊടുത്താൽ അവർ ആയുർവ്വേദ സമ്പ്രദായം മനസ്സിലാക്കിയ് ചികിത്സയിലേർപ്പെടുന്നതും, അതുകൊണ്ടു ജനങ്ങൾക്കു പ്രയോജനമുണ്ടാകുന്നതുമാണെന്നാണ് എന്റെ അഭിപ്രായം. അവരുടെ പഠിത്തത്തിനുശേഷം രണ്ടോ, മൂന്നോ കൊല്ലം ആസ്പത്രിയിൽ നടത്തുന്ന ചികിത്സകണ്ടു് പരിചയം വരുത്തുന്നതിനുംകൂടിയുള്ള ഏർപ്പാട് ഗവർമ്മെൻറ് ചെയ്യണമെന്നു് എനിക്കപേക്ഷയുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഇതു് അങ്ങോട്ടു മാറിയാൽപ്പോരെ?

മിസ്റ്റർ സി. വി. ഇയ്യു: ഇപ്പോൾ പഠിച്ചു പുറത്തുപോയിട്ടുള്ള ആളുകളുടെ പരിശീലനത്തിനുവേണ്ടിയാണു് മിസ്റ്റർ നമ്പ്യാർ പറയുന്നതു്.

Dr. A. R. Menon *(Minister for Rural Development):* I again appreciate the force of the argument. The Government is willing to accept the motion brought forward by my friend, Mr. Nambiar. As it is, they have to undergo one year's training in the hospital. Even that one year may not be sufficient. Apart from the period, the principle underlying the motion is absolutely sound and we will give effect to the recommendation contained in the motion.

മിസ്റ്റർ വി. എൻ. ദാമോദരൻ നമ്പ്യാർ: ഗവർമ്മെണ്ടു് ഈ തത്വത്തെ അക്സപ്റ്റ് ചെയ്തിട്ടുള്ളതുകൊണ്ടു ഞാൻ ഇതിനെ പിൻവലിച്ചുകൊള്ളുന്നു

The motion was, by leave, withdrawn.

Cut Motion No. 3.

To make Ayurveda a special Department.

Mr. C. V. Iyyu *(Kunnamkulam):* Sir, I rise to move *to reduce the allotment of Rs. 44,642 for Ayurveda by Rs. 2. (To separate this Department from the control of the Director of Public Health and Panchayats under a Special Departmental head).*

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം, ആയുർവ്വേദത്തിന്റെ അഭിവൃദ്ധിക്കായി ആയുർവ്വേദ വൈദ്യശാലകൾ ഇനിയും രാജ്യത്തു ധാരാളം പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രായോഗിക പദ്ധതി രൂപീകരിച്ചു, ജനങ്ങൾക്കു അധികം പ്രയോജനം ഉണ്ടാകത്തക്കവിധത്തിൽ അതു് വേർതിരിച്ചു ഭരിക്കാതെ, മറ്റൊരു ഡിപ്പാർട്ട്മെൻറിന്റെ കീഴിൽ പ്രത്യേകിച്ചും ആയുർവ്വേദത്തെക്കുറിച്ചു പരിചയമില്ലാത്ത ആളുകളുടെ കീഴിൽ വെച്ചുകൊണ്ടിരുന്നു, ആയുർവ്വേദത്തിന്റെ പ്രചരണം വൽക്കാതിരിക്കുന്നതിനു ഇടവരുന്നു എന്നുള്ളതാണു്. രാജ്യത്തുള്ള വൈദ്യശാലകളുടെ എണ്ണം, അതിന്റെ പ്രയോജനം, മനുഷ്യർക്കു ആയുർവ്വേദത്തിലുള്ള അത്യധികമായ വിശ്വാസം ഇതെല്ലാംകൂടി ആലോചിക്കുമ്പോൾ ആയുർവ്വേദത്തെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതു് വളരെ അത്യാവശ്യമാണു്. ആയുർവ്വേദ ഔഷധങ്ങളിൽനിന്നു പലേ ഗവേഷണങ്ങളും നടത്തി ഇംഗ്ലീഷ് വൈദ്യന്മാർ ഇപ്പോൾ പലേ മരുന്നുകളും എടുക്കുവാൻ തുടങ്ങീട്ടുണ്ടു്. അതുകൊണ്ടു് ഇതു് തീരെ കൊള്ളരുതാത്തതാണെന്നോ, നിഷ്പ്രയോജനമാണെന്നോ, ശാസ്ത്രവിദ്യാഭ്യാസമുള്ളവരാരും സമ്മതിക്കയില്ല. അതുകൊണ്ടു് നമ്മുടെ ഗവർമ്മെണ്ടു് ഇതിനു വേറെ ഒരു ഡിപ്പാർട്ട്മെൻറ് രൂപീകരിച്ചു വേർതിരിച്ചു നടത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: സർ, ആയുർവ്വേദംകൂടി ഒരു പ്രത്യേക ഡിപ്പാർട്ട്മെൻറാക്കണമെന്നു പറഞ്ഞാൽ വളരെ അധികം പണം അതിനും ചിലവിടേണ്ടിവരും.

തല്ക്കാലം പണത്തിൻെറ ബുദ്ധിമുട്ടവരുന്ന സ്ഥിതിക്ക് ഈ ഡിപ്പാർട്ട്മെൻറ് ഇങ്ങിനെതന്നെ നടത്തുന്നതാണു നല്ലതു. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി അലോപ്പതി ഡാക്ടരാണെങ്കിലും, ആയുർവ്വേദത്തോടു വിരോധമില്ലാത്ത ഒരാളാണ്. അദ്ദേഹത്തിൽനിന്നും ആയുർവ്വേദത്തിനു യാതൊരു ഉപദ്രവവുമുണ്ടാകയില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു Director of Public Health ൻെറ കീഴിലല്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: അദ്ദേഹത്തിൻെറ ഡിപ്പാർട്ട്മെൻറ് മന്ത്രിയുടെ കീഴില്ലല്ലേ?

പണത്തിൻെറ കാര്യമാണ് ഇന്നത്തെ വിഷമം. ആയുർവ്വേദാസ്പത്രിയിൽ പലേ പരിഷ്കാരങ്ങളും നടത്തുവാനുണ്ട്. അതിനെപ്പറ്റിയുള്ള ആലോചന അഡൈ്വസറി കമ്മിറ്റി നടത്തിവരുന്നതായി അതിലെ ഒരു മെമ്പറായ എനിക്കറിയാം. ഈ ആസ്പത്രിയുടെപേരു കേട്ടിട്ടു മൈസൂരിൽനിന്നു് അവിടെ ചികിത്സക്കു വരുന്നുണ്ടു്. രോഗികൾക്കു കിടക്കുവാൻ ഒരു നല്ലകെട്ടിടം ഇല്ല. ഇങ്ങിനെയുള്ള അത്യാവശ്യമായ പരിഷ്കാരങ്ങൾ നടത്തിയതിനുശേഷംവേണം വേറെ എന്തെങ്കിലും ചെയ്യുവാൻ. ഇപ്പോഴത്തെ നിലയിൽത്തന്നെ ഒരു ആയുർവ്വേദ ഡാക്ടരേയോ, സൂപ്രണ്ടിനേയോമറ്റൊരുവച്ചു് കാര്യങ്ങളെല്ലാം നടത്താവുന്നതാണു്. അത്യാവശ്യകാര്യങ്ങൾക്കു പണം ഇല്ലാതിരിക്കുമ്പോൾ മറ്റുവിധത്തിലുള്ള ആവശ്യങ്ങൾക്കു പണം ചിലവുചെയ്യുവാനോ, സ്കീം തയ്യാറാക്കുവാനോ ഗവൺമെൻറിനോടു് ആവശ്യപ്പെടുന്നതു ബുദ്ധിപൂർവ്വകമായ ഒരു കാര്യമാണെന്നു് എനിക്കുതോന്നുന്നില്ല.

മിസ്റ്റർ വി. കെ. കുട്ടി: മിസ്റ്റർ പ്രഡിണ്ടൻറ് സർ, ആയുർവ്വേദ ഡിപ്പാർട്ട്മെൻറ് വേർതിരിക്കണമെന്നുള്ള ഉപക്ഷേപത്തോടു ഞാൻ യോജിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഇന്നത്തെ ആയുർവ്വേദ ചികിത്സാസമ്പ്രദായം ഗവൺമെൻറ് അംഗീകരിച്ചുകഴിഞ്ഞിട്ടു വളരെകാലമായി. ബഹുമാനപ്പെട്ട കണയന്നൂർ ഇരുഴവമെമ്പർ പറഞ്ഞതുപോലെ ആ ഡിപ്പാർട്ട്മെൻറിനു ഇനിയും പലേ പരിഷ്കാരങ്ങളും വരുത്തേണ്ടതുണ്ടു്. ഇപ്പോൾ ഉള്ള വൈദ്യശാലകൾതന്നെ പലവിധത്തിലും പരിഷ്കരിക്കേണ്ടതുണ്ടു്. വില്ലേജുകളിൽ ഗവൺമെൻറിൽനിന്നും ഏർപ്പെടുത്തീട്ടുള്ള വൈദ്യശാലകളിൽ കയ്യോ, കാലോ എടുത്തു പെരുമാറുവാൻ നിവൃത്തിയില്ലാത്തവിധത്തിൽ അത്ര ഇടുങ്ങിയ നിലയിലാണു് അവ സ്ഥിതിചെയ്യുന്നതു്. വില്ലേജുകളിൽ ഇന്നു നമ്മുടെ പട്ടണങ്ങളിലുള്ളതുപോലെയുള്ള വൈദ്യസഹായം ലഭിക്കത്തക്ക സ്ഥാപനം ആയുർവ്വേദ ആസ്പത്രികൾ മാത്രമാണു്. വില്ലേജുകളിലെ വൈദ്യശാലകൾ വിപുലപ്പെടുത്തി, അവിടങ്ങളിൽ ആസ്പത്രിയിലെ സമ്പ്രദായത്തിൽ കിടക്കകൾ കൊടുത്തു് അവിടെയുള്ള രോഗികളെ സൌകര്യമായികിടത്തി ചികിത്സിക്കണമെന്നുള്ള സംഗതിക്കു ഞാൻതന്നെ ഈയിടെ എഴുതി അയച്ചിട്ടുണ്ടു്. ആ സംഗതി അഡൈ്വസറി ബോർഡിലും ആലോചനക്കു വന്നിട്ടുണ്ടു്. വില്ലേജുകളിൽ ഇംഗ്ലീഷ് വൈദ്യശാലകൾ സ്ഥാപിച്ചു സൌകര്യംചെയ്തുകൊടുക്കുവാൻ സാധിക്കുകയില്ലെന്നു ഇന്നത്തെ കട്ടമോഷനിൽ നല്കീട്ടുള്ള മറുപടിയിൽനിന്നും എനിക്കു മനസ്സിലായിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന ഇരുപത്, ഇരുപത്തഞ്ചു വൈദ്യശാലകൾകൊണ്ടുമാത്രം ഗവൺമെൻറ് തൃപ്തിപ്പെട്ടാൽപോരാ. വില്ലേജുകൾക്കാവശ്യമുള്ളിടത്തോളം വൈദ്യശാലകൾ നല്കണം. അതായത് ഇപ്പോഴുള്ള വൈദ്യശാലകൾ വിപുലപ്പെടുത്തുവാൻ സ്ഥലംകൊടുക്കുക, മരുന്നു സപ്ലൈകൊടുക്കുക, രോഗികളെകിടത്തി ചികിത്സിക്കുക, വൈദ്യശാലകൾ വർദ്ധിപ്പിക്കുക ഈ സംഗതികളാണ് അത്യാവശ്യമായിട്ടുള്ളത്. കൂടാതെ ഇന്നത്തെ ആയുർവ്വേദ ഡിപ്പാർട്ട്മെൻറിലെ വൈദ്യന്മാർക്ക് വിവിധങ്ങളായ, അതെ, പ്രയോജനകരങ്ങളായ നല്ല മരുന്നുകൾ കണ്ടുപിടിക്കുന്നതിനും രോഗികളുടെ ആവശ്യങ്ങൾക്കു വിനിയോഗിക്കുന്നതിനുമായി ഒരു വിദഗ്ധ കമ്മിറ്റിക്കൂടി രൂപീകരിക്കുന്നതു നന്നായിരിക്കുമെന്നാണ് എൻറെ അഭിപ്രായം.

ഡോക്ടർ എ. ആർ. മേനോൻ: എന്തുകമ്മിറ്റിയാണ്? ഒന്നുകൂടി പറയുക.

മിസ്റ്റർ വി. കെ. കുട്ടി: ആയുർവ്വേദവിദഗ്ധകമ്മിറ്റി. നമ്മുടെ രാജ്യത്തു കൊല്ലംതോറും ആയുർവ്വേദ വൈദ്യന്മാരുടെ ഓരോ കോൺഫ്രൻസ്സുകൾ നടക്കാറുണ്ട്. അതിൽ ശമ്പളക്കുടുതലിനെപ്പറ്റിയും മറ്റുമാണ് ഇപ്പോൾ പാസ്സാക്കി വരാറുള്ളത്. കുറെകാലത്തേക്കു അതുമാറ്റിവെച്ചു രാജ്യസ്ഥിതിയേയും രാജ്യത്തെ ആവശ്യങ്ങളേയും പറ്റി ചിന്തിക്കുവാൻ ഗവൺമെൻറ് അവരോടു പറയണം. ആദ്യമായി ചിന്തിക്കേണ്ടതു നാട്ടുംപുറങ്ങളിലെ സംഗതിയാണ്. വൈദ്യന്മാരിൽനിന്നും ഒരു വിദഗ്ധകമ്മിറ്റി രൂപീകരിച്ചു അവരെക്കൊണ്ടു ഗവേഷണവേലകൾ ചെയ്യിച്ചു വിശേഷപ്പെട്ട പലമരുന്നുകളും കണ്ടുപിടിക്കുവാനും അവയെ നമ്മുടെ വൈദ്യശാലകൾക്കു ഉപകാരപ്രദമാക്കുവാനും ഗവൺമെൻറ് പ്രത്യേകം ശ്രദ്ധപതിക്കണം. ഇങ്ങിനെയുള്ള കാര്യങ്ങളിൽ വിപുലമായ കാര്യപരിപാടി നിശ്ചയിച്ചു പ്രവൃത്തിക്കുകയല്ലാതെ മറ്റൊന്നിലും ഗവൺമെൻറ് ഇപ്പോൾ ഇടപെടേണ്ടതില്ലെന്നാണ് എൻറെ വിനീതമായ അഭിപ്രായം.

***Dr. A. R. Menon** *(Minister for Rural Development):* Sir, I understand and appreciate also the view points expressed by both sections, for and against. There is much to be said on both sides. If you want to develop a department properly it could be done much more easily by separation and entrusting the whole to one person. After all an over-worked officer who has got a number of departments to manage will not be able—and it is not proper to expect that he will be able—to bestow the attention necessary for an infant institution like the Ayurvedic Hospitals in our State. I say, an infant institution with regard to the hospitals and not with regard to the Science. As Mr. Ayyappan rightly observed, I am very anxious that everything should be done to develop this institution. This year we hope to deal with the manufacturing section and in the year following most probably the question of inpatients and the other development of hospitals will be taken into consideration. For the development of this institution a separation will be more useful. Just now, under the existing circumstances, if this department is to be separated, it will involve additional expenditure. From this megre

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

allotment for this department, it would not be fair to take any substantial portion for the reorganisation of the department. All the same, the view-point expressed by Mr. Iyyu will be kept in view, and as soon as this department develops and requires separate management, this suggestion will be given effect to. As soon as the necessity is felt it will be given effect to. I hope the House will not expect from me anything beyond that.

മിസ്റ്റർ സി. വി. ഇയ്യു: സർ, ഈ ഉപക്ഷേപത്തെസംബന്ധിച്ച് ബഹുമാനപ്പെട്ട കണയന്നൂർ മെമ്പാവർകളും തൊഴിലാളിമെമ്പർ അവർകളും പറഞ്ഞതുപോലെയുള്ള രണ്ടുസംശതികൾകൊണ്ടുതന്നെ ഈ ഡിപ്പാർട്ട്മെൻറ് വേർതിരിക്കേണ്ടതു് അത്യാവശ്യമാണു്.

മിസ്റ്റർ കെ. അയ്യപ്പൻ: ആയുർവ്വേദ വൈദ്യന്മാരെ ഡിപ്പാർട്ട്മെൻറ് ഭരണത്തിനു വെക്കുവാൻ കൊള്ളുകയില്ല.

മിസ്റ്റർ സി. വി. ഇയ്യു അങ്ങിനെയൊന്നും വരികയില്ല. ഇതിനുദാഹരണമായി തിരുവിതാംകൂറിൽ കൊളത്തേരി ശങ്കരമേനോനെ ഡയറക്ടറായിവച്ചതുകൊണ്ടു് അദ്ദേഹത്തിൻറെആയുർവ്വേദത്തിലുള്ള വിജ്ഞാനത്തിൻറെ പുറമെയുള്ള ലോകവിജ്ഞാനംമൂലംമാത്രം സഫലമായി പ്രവർത്തനം നടത്തുവാൻ സാധിച്ചുവെന്നു വിശ്വസിക്കുന്ന ഒരാളാണു് ബഹുമാനപ്പെട്ട കണയന്നൂർ ഈഴവമെമ്പർ എന്നാണെൻറെ അഭിപ്രായം. അദ്ദേഹം ഇപ്പോഴും ആരോഗ്യവാനായി ജീവിച്ചിരിപ്പുണ്ടോഎന്നു് എനിക്കു നിശ്ചയമില്ല. അദ്ദേഹം ഒരുകൊച്ചുകുഞ്ഞാണെന്നു് എനിക്കറിയാം. അദ്ദേഹം ജീവിച്ചിരിപ്പുണ്ടെങ്കിൽഒരു കൊല്ലത്തേയ്ക്കെങ്കിലും അദ്ദേഹത്തെ ഇവിടത്തെ ആയുർവ്വേദ ഡയറക്ടരായിനിയമിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട കണയന്നൂർ ഈഴവമെമ്പർ പറഞ്ഞതുപോലെ തൃപ്തികരമായവിധത്തിൽ അദ്ദേഹത്തെക്കൊണ്ടു് ഡിപ്പാർട്ട്മെണ്ടു് രൂപീകരിച്ചു് ഭരിയ്ക്കുവാൻ സാധിയ്ക്കുമെന്നും, കാലക്രമത്തിൽ അദ്ദേഹത്തിൻ കീഴിൽ പരിശീലനം ലഭിയ്ക്കുന്ന ഒരുകൂട്ടർക്കു് ഡിപ്പാർട്ട്മെൻറ് ഭരിയ്ക്കുവാനുള്ള സാമർത്ഥ്യമുണ്ടായിരിയ്ക്കുമെന്നും എനിക്കു വിശ്വാസമുണ്ടു്. അതോടുകൂടിതന്നെ മിസ്റ്റർ കുട്ടി പറഞ്ഞതുപോലെയുള്ള പരിഷ്കാരങ്ങളും വരുത്താവുന്നതാണു്. പഞ്ചായത്തിൻറെ കീഴിലായിരുന്നപ്പോൾ നടത്തിവന്നിരുന്ന ഭരണവും, ഒറ്റയായി വേർതിരിച്ചുള്ള ഡിപ്പാർട്ട്മെൻറാക്കിയുള്ള ഭരണവും, പബ്ലിക്ഹെൽത്തുമായി ചേർത്തു് ഇപ്പോൾ നടത്തിവരുന്ന ഭരണവും തമ്മിലുള്ള ഗുണദോഷങ്ങളെസംബന്ധിച്ചു് ഏതാണ്ടു് ലോകപരിചയമുള്ളവർക്കൊക്കെ അറിയാവുന്നതാണു്. ഒരു ഡിപ്പാർട്ട്മെൻറ് ഒരു ഉദ്യോഗസ്ഥൻതന്നെ ഭരിയ്ക്കുകയാണു നല്ലതു്. അങ്ങിനെയായാൽ അയാളുടെ ഡിപ്പാർട്ട്മെൻറ് നല്ലനിലയിലാക്കി ഭരിയ്ക്കുവാൻ അയാൾക്കു് ഉത്സാഹമുണ്ടായിരിയ്ക്കും. അതിനുവേണ്ടിയെങ്കിലും ഡിപ്പാർട്ട്മെൻറ് വേർതിരിയ്ക്കുണ്ടതു് ആവശ്യമാണു്. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറെ കുറച്ചുകൊടുത്താലും വിരോധമില്ല. രണ്ടു മൂന്നു ഡിപ്പാർട്ട്മെൻറുകൾ കൂട്ടുചെയ്തു നടത്തുന്നതു ശരിയല്ല.

അടുത്ത അവസരത്തിൽ വില്ലേജു ലൈബ്രറികൾ പഞ്ചായത്തു ഡിപ്പാർട്ട്മെൻറിൻറെ കീഴിലാക്കിയതുനിമിത്തം അദ്ദേഹത്തിനു ജോലി വർദ്ധിച്ചിട്ടുണ്ടായിരിക്കും

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: പഞ്ചായത്തു ഡിപ്പാർട്ട്മെൻറിനു കൊടുത്തിട്ടില്ല.

മിസ്റ്റർ സി. വി. ഇയ്യു: പഞ്ചായത്തു ഡിപ്പാർട്ട്മെൻറിനു കൊടുത്തതായിട്ടാണു് പറഞ്ഞുകേട്ടിട്ടുള്ളതു്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അവർകൾക്കു് കുറെ ഡിപ്പാർട്ട്മെൻറുകൾ വേർതിരിച്ചു കൊടുക്കണമെന്നുള്ള ഡീസെൻട്രലൈസേഷൻ പോളിസിയാണുള്ളതു്. ഭാരം നല്ലവിധത്തിൽ ആയിരിയ്ക്കണമെന്നുള്ള പ്രിൻസിപ്പിൾവെച്ചുകൊണ്ടു് ഡിപ്പാർട്ട്മെൻറ് വേർതിരിച്ചു കൊടുക്കണമെന്നുള്ള തത്വംവെച്ചുകൊണ്ടുതന്നെ ഇതിനെ അനുകൂലിക്കേണ്ടതാണു്. ബഹുമാനപ്പെട്ട മന്ത്രിയുടെ കീഴിൽ ആയുർവ്വേദ ഡിപ്പാർട്ട്മെൻറ് ഭരിയ്ക്കുന്നതുകൊണ്ടു് മന്ത്രിയ്ക്കു വിരോധമില്ല. അദ്ദേഹം വൈദ്യത്തിൽ വിചാരമുള്ള ആളാണു് എന്നു പറയുകയുണ്ടായി. എൻറെ അഭിപ്രായത്തിൽ മന്ത്രിയാകുന്ന ആൾ വൈദ്യംകൂടി പഠിച്ചിരിയ്ക്കണം എന്നില്ല. ഒരുപക്ഷെ ഞാൻതന്നെ മന്ത്രിയായി എന്നുവരാം. (ചിരി). മന്ത്രിയാകുന്ന ആളുകൾ ഇവക സാങ്കേതിക വിഷയങ്ങൾ പഠിച്ചവരായിരിക്കണമെന്നില്ല. വാസ്തവത്തിൽ അങ്ങിനെ പഠിച്ച ആളുകൾ മന്ത്രിയാകാതിരിക്കുകയാണു് ഭേദം. സാധാരണമായി ഇവക വിഷയങ്ങളിൽ പൊതുവെയുള്ള നയം രൂപീകരിയ്ക്കേണ്ട ഒരാളേ മന്ത്രിയ്ക്കുള്ളൂ. ഇതുകൊണ്ടൊന്നും ആയുർവ്വേദ ഡിപ്പാർട്ട്മെൻറ് വേർതിരിയ്ക്കുന്നതുകൊണ്ടല്ലെന്നു പറയുന്നതു് എൻറെ ഉപക്ഷേപത്തിനു് ഒരു സമാധാനമായില്ല.

പിന്നെ പണത്തിൻറെകാര്യം പറയുകയുണ്ടായി. അതു് ഇന്നത്തെ ഗവർമ്മെൻറിൻറെ ധനശാസ്ത്രം പോളിസിയാണു്. അതു പെട്ടെന്നു നന്നാക്കുവാൻ കഴിയുകയില്ല. ഞാൻതന്നെ മുമ്പു് സൂപ്പർടാക്സ്ബിൽ ഇവിടെ കൊണ്ടുവന്നു. എങ്ങിനെയെങ്കിലും ഒരു പത്തുപതിനായിരം ഉറുപ്പികയുണ്ടെങ്കിൽ ആയുർവ്വേദ ഡിപ്പാർട്ട്മെൻറ് വേർതിരിച്ചു നടത്തുവാൻ സാധിയ്ക്കും. എന്തായാലും ബഹുമാനപ്പെട്ട മന്ത്രിയവർകൾക്കു് ഇതു് വേർതിരിക്കേണ്ടതാണെന്നു് ബോദ്ധ്യപ്പെട്ടുന്നകാലത്തു് അദ്ദേഹം വേർതിരിച്ചുകൊള്ളുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

The motion was, by leave, withdrawn.

Cut Motion No. 4.

Adopting a comprehensive three years plan for opening more Ayurvedic Despensaries.

Mr. C. V. Iyyu *(Kunnamkulam):* I beg to move *to reduce the allotment of Rs. 44,642 for Ayurveda by Re. 1. (For adopting a comprehensive three year plan for opening more Ayurvedic Dispensaries).*

ഞാൻ ഈ ഉപക്ഷേപം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു് ആയുർവ്വേദ ഡിപ്പാർട്ട്മെൻറിനു ഒരു പ്രത്യേക ഡിപ്പാർട്ട്മെൻറ്ഹെഡ് ഉണ്ടായിരുന്നെങ്കിൽ എത്രയൊ മുമ്പു് ഒരു ത്രിവത്സര പദ്ധതി നടപ്പിൽ വരുമായിരുന്നു. ഇതു് ഞാൻ കഴിഞ്ഞ ബഡ്ജറ്റ സമ്മേളനത്തിൽ ഒരു ഉപക്ഷേപംമൂലം ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. ഈ രാജ്യത്തെ വൈദ്യശാലകളുടെ ആവശ്യങ്ങൾ പരിഹരിക്കത്തക്കവണ്ണവും ആയുർവ്വേദ വൈദ്യശാലകൾ കുറെക്കൂടി നന്നാക്കുന്നതിനുംവേണ്ടി ഒരു ത്രിവത്സരപദ്ധതി രൂപീകരിക്കണമെന്നായിരുന്നു ഉപക്ഷേപം. അന്നത്തെ ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഇതിലേക്കു

LIBRARY ARCHIVES Kerala Legislative Assembly